കേരള സർക്കാർ

# മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്ത്
# 2014-15 & 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)1578/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ,
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 01.10.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് – 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2-ലേയും 3-ലേയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ട മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)1578/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ,
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 01.10.2016

# എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.12.2014 മുതൽ 25.08.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുദർശനൻ കെ., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 26.8.2016 മുതൽ 1.9.2016 വരെയും<br>3.9.2016 മുതൽ 7.9.2016 വരെയും. |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അജിതൻ ടി.എൻ.<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി. ജോമോൾ എം. ജോണി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോർജ് പി.വി.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ ടി.എൻ. വിജയകുമാർ | 1.4.2014 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 | 18.11.2015 |
| | ശ്രീമതി ജയ സോമൻ | 19.11.2015 | 31.3.2016 |
| വൈസ് പ്രസിഡന്റ് | ശ്രീമതി സുധ രാജേന്ദ്രൻ നായർ | 1.4.2014 | 31.10.2015 |
| | ശ്രീ ഷാജി മാധവൻ | 19.11.2015 | 31.3.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ റെഞ്ചി കുര്യൻ കൊള്ളിനാൽ | 1.4.2014 | 31.10.2015 |
| | ശ്രീമതി സുധ രാജേന്ദ്രൻ നായർ | 19.11.2015 | 31.3.2016 |
| ക്ഷേമകാര്യം | ശ്രീമതി സന്ധ്യ രത്നാകരൻ | 1.4.2014 | 31.10.2015 |
| | ശ്രീ ജയൻ കുന്നേൽ | 19.11.2015 | 31.3.2016 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | ശ്രീമതി സൗമിനി സണ്ണി | 1.4.2014 | 31.10.2015 |
| | ശ്രീമതി ഇന്ദിര ധർമ്മരാജൻ | 19.11.2015 | 31.3.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ സെയ്തു മുഹമ്മദ് | 1.4.2014 | 31.5.2015 |
| | ശ്രീജോസഫ് എ.ജെ. | 1.6.2015 | 30.9.2015 |
| | ശ്രീ പ്രസന്നകുമാർ കെ.ആർ. | 1.10.2015 | 31.1.2016 |
| | ശ്രീമതി സോണിയ കെ.ആർ. | 1.2.2016 | 10.2.2016 |
| | ശ്രീ ഏണസ്റ്റ് സി. തോമാസ് | 11.2.2016 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് ഡയറക്ടർ കൃഷി | ശ്രീമതി കൈരളി എൻ | 1.4.2014 | 31.3.2016 |
| സി.ഡി.പി.ഒ. | ശ്രീമതി ലളിതമോൾ തോമാസ് | 1.4.2014 | 31.3.2016 |
| ഡയറി ഡെവലപ്മെന്റ് ഓഫീസർ | ശ്രീമതി സൂസി എലിസബത്ത് തോമാസ് | 1.4.2014 | 31.3.2016 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.കെ.ടി.സാജൻ | 1.4.2014 | 31.3.2016 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി സലിത | 1.4.2014 | 1.8.2014 |
| | ശ്രീമതി ഷൈനിമോൾ | 2.8.2014 | 30.7.2015 |
| | ശ്രീ രാജീവ് | 31.7.2015 | 7.1.2016 |
| | ശ്രീമതി ബിന്ദു വി. | 8.1.2016 | 31.3.2016 |
| മെഡിക്കൽ ഓഫീ സർ (CHC കീച്ചേരി) | ഡോ.വിപിൻമോഹൻ | 1.4.2014 | 31.3.2016 |
| മെഡിക്കൽ ഓഫീ സർ (സി.എച്ച്.സി.) മുളന്തുരുത്തി | ഡോ.ഷാജി | 1.4.2014 | 31.3.2016 |

| | | | |
|---|---|---|---|
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ പ്രസന്നൻ കെ. | 1.4.2014 | 31.3.2016 |
| വെറ്റിനറി സർജൻ | ഡോ.ഷൈജു | 1.4.2014 | 31.3.2016 |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വാടക -അപാകതകൾ | 2-1 |
| | ഭാഗം – 3 | |
| 13 | യാത്രാബത്ത നൽകിയതിലെ അപാകതകൾ | 3-1 |
| 14 | ദിവസവേതന ഡ്രൈവർക്ക് അനർഹമായി ശമ്പളം നൽകി | 3-2 |
| 15 | ഒരു ചെലവിന് രണ്ട് ബിൽ ഹാജരാക്കി - നഷ്ടം - 1100/-രൂപ | 3-3 |
| 16 | കെട്ടിട നികുതി അടച്ചതിലെ അപാകത | 3-4 |
| 17 | വിവിധ കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 18 | മുളന്തുരുത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഫിസിയോ തെറാപ്പി യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-6 |
| 19 | പട്ടിക ജാതി വികസന ഓഫീസർ - നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ | 3-7 |
| 20 | ഐ.എ.വൈ.ഭവന നിർമ്മാണം -രണ്ടു ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-8 |
| 21 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ- നടപ്പിലാക്കിയ പ്രോജക്ടിലെ അപാകതകൾ | 3-9 |
| 22 | ഗുണഭോക്തൃസമിതി -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-10 |
| 23 | ഫില്ലിംഗിനുപയോഗിച്ച മണ്ണിന്റെ അളവിൽ കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല. | 3-11 |
| 24 | സമയബന്ധിതമായി തീരുമാനമെടുത്തില്ല | 3-12 |
| 25 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 3-13 |

| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|---|
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15 | അനുബന്ധം.1 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.2 |
| 37 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.3 |
| 38 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.4 |
| 39 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.5 |
| 40 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.6 |
| 41 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.7 |
| 42 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 2015-16 എന്നീ വർഷങ്ങളിലെ ബജറ്റ് യഥാക്രമം 24.2.2014 ലെ തീരുമാനം 1(I), 25.3.2015 ലെ തീരുമാനം 1 എന്നിവ പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | 2014-15 | | 2015-16 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| ബജറ്റ് പ്രകാരം | 292079100 | 286629100 | 289779100 | 284714100 |
| വാർഷിക കണക്കുകൾ പ്രകാരം | 91486665 | 93821136 | 78160851 | 86140354 |
| വ്യത്യാസം | 200592435 | 192807964 | 211618249 | 198573746 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ നിയമപ്രകാരമുള്ള സാമ്പത്തിക വർഷത്തിന് മുൻപുള്ള മൂന്ന് വർഷത്തെ യഥാർത്ഥ വരവുചെലവുകളുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31.7.2015 | 30.6.2015 | - | - |
| 2015-16 | 31.7.2016 | 31.7.2016 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2014-15 | സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല |
| 2015-16 | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം

| വർഷം | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 45334612 | 43000141 |
| വരവ് | 91486665 | 78160851 |
| ആകെ | 136821277 | 121160922 |
| ചെലവ് | 93821136 | 86140354 |
| നീക്കിയിരിപ്പ് | 43000141 | 35020638 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന വാടകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2014-15 |
|---|---|
| വാടക | 210498 |

ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള വാടകയിനത്തിലുള്ള തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| പൊതുവി ഭാഗം | 4201836 | 18902000 | 14700164 | 10541686 | 4158478 | 71.71 |
| എസ്.സി. പി. | 3712274 | 9409000 | 13121274 | 11629251 | 1492023 | 88.62 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്. പി. | 339000 | 208000 | 547000 | 547000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് – നോൺറോഡ് | 2580512 | 2845000 | 5425512 | 4681832 | 743680 | 86.29 |
| ബി ഫണ്ട് | 0 | 57648 | 57648 | 57648 | 0 | |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 4158478 | 16739366 | 20897844 | 20897844 | 0 | 100 |
| എസ്.സി. പി. | 1492023 | 7544929 | 9036952 | 9036952 | 0 | 100 |
| ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്- നോൺറോഡ് | 743680 | 676751 | 1420431 | 1420431 | 0 | 100 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 | |

ധനകാര്യ പത്രികയിലെ പൊതു വിഭാഗം വികസനഫണ്ടിന്റെ 2014-15, വർഷത്തെ മുന്നിരുപ്പ് / നീക്കിയിരിപ്പ് തുകകളിൽ, താഴെ പറയും പ്രകാരമുള്ള തുകകളും ഉൾപ്പെട്ടിട്ടുണ്ട്.

| | 2014-15 | |
|---|---|---|
| ഇനം | മുന്നിരുപ്പ് | നീക്കിയിരുപ്പ് |
| General – 4201836<br>SCP – 60000 | 4261836 | 4158478 |
| ICDS | 175826 | 175826 |
| NABARD | 661000 | 661000 |
| RIDF | 500000 | 1581246 |
| NABARD start up advance | 0 | 1306000 |
| TOTAL | 5598662 | 7882550 |

സംരക്ഷണഗ്രാന്റ്-നോൺറോഡ് വരവ് തുകയിൽ 310000/- രൂപ എൻ.ആർ.ഇ.ജി.എസ്. ഫണ്ടിൽ നിന്നും തിരികെ ലഭിച്ച തുകയാണ്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗിക മായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ % |
| 2014-15 | 82 | 130709519 | 55 | 37302195 | 19 | 8 | 67.07 |
| 2015-16 | 84 | 107589982 | 67 | 33943457 | 11 | 6 | 79.76 |

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നുറപ്പ് വരുത്തുക കൂടി ചെയ്യേണ്ടതാണ്.

# 1-7 തനത് വരുമാനം.

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | 2014-15 | 2015-16 |
|---|---|---|
| വാടക, ഫോറം വില , മറ്റു വരവുകൾ | 1032180 | 597370 |
| പലിശ വരവ് | 892123 | 0 |
| ആകെ | 1924303 | 597370 |

# 1-8 ക്ഷേമപദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.8.2016ന് ജോയിന്റ് ബി.ഡി.ഒ.യുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായി തുകയൊന്നും ഉണ്ടായിരുന്നില്ലെന്നത് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1. രജിസ്റ്ററുകളുടെസൂക്ഷിപ്പ്.

ഇൻകുമ്പെൻസി രജിസ്റ്റർ. ഓഡിറ്റ് കാലയളവുകളിലെ ഇൻകുമ്പെൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടേയും മുഴുവൻ നിർവ്വഹണോദ്യോഗസ്ഥരുടേയും വിവരങ്ങൾ ചേർത്ത് ഇൻകുമ്പെൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

വായ്പ രജിസ്റ്റർ

വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഐ.എ.വൈ. ഭവന നിർമ്മാണ പൂർത്തീകരണത്തിനു വേണ്ടി എറണാകുളം ജില്ല സഹകരണ ബാങ്കിൽ നിന്നും 33,00,000/- രൂപ വായ്പയെടുത്തിട്ടുണ്ട്. വായ്പയുടെയും തിരിച്ചടവിന്റെ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ബിൽ രജിസ്റ്റർ

2014-15,2015-16 സാമ്പത്തിക വർഷത്തിൽ ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ചെക്ക് ഇഷ്യു രജിസ്റ്റർ</u>

2014-15,2015-16 സാമ്പത്തിക വർഷത്തിൽ ചെക്ക് ഇഷ്യു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഓഫീസ് മേലധികാരികൾ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല.

<u>2. വൗച്ചറുകളുടെ സൂക്ഷിപ്പ്</u>

2014-15, 2015-16 സാമ്പത്തിക വർഷത്തിൽ വൗച്ചറുകൾ സീരിയൽ നമ്പർ ഇടാതെയാണ് പരിപാലിച്ചിരുന്നത്. കണ്ടിജന്റ് വൗച്ചറുകളിൽ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.7.2016 | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.2.2014 മുതൽ 1.3.2014വരെ | 2009-10 മുതൽ 2012-13 വരെ | 21.5.2014 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വാടക - അപാകതകൾ

1. താഴെ പറയുന്ന വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയപ്പോൾ പിഴപ്പലിശ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പിഴപ്പലിശ കണക്കാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

<u>2014-15</u>

| വാടകക്കാരന്റെ പേര് / കെട്ടിടനമ്പർ | എഗ്രിമെന്റ് തീയതി | മാസ വാടക നിരക്ക് | ഈടാക്കിയ വാടക / രസീത് നം. /തീയതി |
|---|---|---|---|
| ബെൻസി ബിജു<br>521b | 12.6.14 | 6620 | 6620x7=46340/-<br>11504100007/ 24.4.15<br>(7/14 മുതൽ 2/15 വരെ) |
| രാജി വിനോദ്<br>521c | 13.11.13 | 4885 | 4885x5=24425/-<br>312334444/ 4.12.14<br>(12/13 മുതൽ 04/14 വരെ) |
| ലളിത വിജയൻ<br>521 | 9.4.14 | 2850 | 2850x7=19950<br>021111345/ 12.9.14<br>(05/14 മുതൽ 11/15 വരെ) |
| മിനി ബാബു<br>521e | 1.1.14 | 3750 | 3750x6= 22500<br>2345764/16.10.14<br>(2/14 മുതൽ 07/14 വരെ) |
| ആകെ | | | |

2015-16

| വാടകക്കാരന്റെ പേര് / കെട്ടിടനമ്പർ | എഗ്രിമെന്റ് തിയതി | മാസ വാടക നിരക്ക് | ഈടാക്കിയ വാടക /രസീത് /തീയതി |
|---|---|---|---|
| ബെൻസി ബിജു 521b | 15.3.15 | 6960 | 6960x7=48720/ 31.12.15/ 0359454 (06/15 മുതൽ 12/15 വരെ) |
| രാജി വിനോദ് 521c | 13.10.14 | 6285 | 6285x4=25140/ 14.1.16/ 0359464 (11/14 മുതൽ 02/15 വരെ) |
| മിനി ബാബു 521e | 1.1.14 | 4350 | 4350x7=30450 0359475 /17.3.16 (02/14 മുതൽ 08/14 വരെ) |
| ആകെ | | | |

2. വാടക ഈടാക്കിയിട്ടില്ല

താഴെ പറയുന്ന വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| വാടകക്കാരന്റെ പേര് / കെട്ടിടനമ്പർ | എഗ്രിമെന്റ് തീയതി | മാസ വാടക നിരക്ക് | ഈടാക്കേണ്ട മാസങ്ങൾ | 31.03.2016-ൽ 12%പലിശയുൾപ്പെടെ ഈടാക്കേണ്ടിയിരുന്ന വാടക |
|---|---|---|---|---|
| ബെൻസി ബിജു 521b | 15.3.15 | 6960 | 15.10.15 to 14.3.16 (6 തവണ) | (41760+5011)= 46771 |
| ബെൻസി ബിജു 521/a | 6.2.15 | 2960 | 5.5.15 to 5.3.16 (11 തവണ) | (32560+3907)= 36467 |
| ലളിത വിജയൻ 521 | 9.1.16 | 3000 | 9.12.15 to 8.3.16(4 തവണ) | (12000+1440)=13440 |
| രാജി വിനോദ് 521c | 20.2.15 | 6600 | 19.2.16 to 20.3.16(1തവണ) | (6600+720)=7320 |
| സാന്ത്വനം കുടുംബശ്രീ | 1.1.15 | 850 | 1.11.15 to 31.3.16(5തവണ) | (4250+510)=4760 |
| വിസ്മയ S.H.G | 16.3.15 | 850 | 16.11.15 to 15.3.16(5തവണ) | (4250+510)=4760 |
| ശ്രേയസ്സ് കുടുംബശ്രീ | 10.2.15 | 850 | 16.11.15 to 15.3.16(5തവണ) | (4250+510)=4760 |
| ആകെ | | | | (105670+12608)= 118278 |

ഈ നഷ്ട തുകയായ 118278/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. മറ്റ് അപാകതകൾ വാടക പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം എല്ലാ മാസവും 5-ാം തീയതിയാണ് വാടക കൊടുക്കേണ്ടത്. ഇതിന് വീഴ്ച വരുത്തിയാൽ പിഴപ്പലിശ ഈടാക്കേണ്ടതാണ്. എന്നാൽ

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ വാടക കുടിശ്ശിക വരുത്തുന്ന വാടകക്കാരനിൽ നിന്നും പിഴപ്പലിശ ഈടാക്കാതെയാണ് വാടക കുടിശ്ശിക ഈടാക്കിയിരിക്കുന്നത്. എഗ്രിമെന്റ് കൃത്യ തീയതിയിൽ പുതുക്കുന്നില്ല. കുടിശ്ശിക വരുത്തിയവർക്ക് തന്നെ തുടർന്നും ഈ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുന്നു. ഇത് ചട്ടവിരുദ്ധമാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 യാത്രാബത്ത നൽകിയതിലെ അപാകതകൾ

1. ഓഫീസ് ഡ്രൈവർക്ക് ഒരേ യാത്രക്ക് രണ്ട് പ്രാവശ്യം യാത്രാബത്താനുകൂല്യം നൽകി.

ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് ഡ്രൈവർ (ഹയർ ഗ്രേഡ്) ശ്രീ.പി.ജി.മോഹനന് 10/2014 മുതൽ 4/2015 വരെയുള്ള യാത്രാബത്ത 5/2015 ൽ ചെക്ക് നമ്പർ 2739766 തിയതി 25.5.15 ൽ 6860/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതേ യാത്രക്ക് 9/2015 ൽ വീണ്ടും ചെക്ക് നമ്പർ 780523 തിയതി 10.9.15 പ്രകാരം 9/2014 മുതൽ 5/2015 വരെയുള്ള യാത്രാബത്തയിനത്തിൽ 6860രൂപയുൾപ്പെടെ 10780/-രൂപ നൽകിയിട്ടുണ്ട്. ഇക്കാര്യമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകാത്ത സാഹചര്യത്തിൽ ഈ നഷ്ട തുക പലിശയുൾപ്പെടെ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. യാത്രാബത്ത അനർഹമായി നൽകി.

ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.പി.ജി. മോഹനൻ താഴെ പറയുന്ന ദിവസങ്ങളിൽ അവധിയിലായിരുന്നു. എന്നാൽ ഈ ദിവസങ്ങളിൽ ഔദ്യോഗിക യാത്ര നടത്തിയതിന് ഈ ജീവനക്കാരന് യാത്രാബത്ത നൽകിയിട്ടുണ്ട്.(വൗച്ചർ നം.6-2/15/ 3.2.15) വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അവധി ദിവസങ്ങൾ | അവധി വിവരം | യാത്ര നടത്തിയ വിവരം | നൽകിയ തുക |
|---|---|---|---|
| 11.12.14 | ആകസ്മികാവധി | കാക്കനാട് | 100 |
| 17.12.14 | ഹാഫ് പേ ലീവ് | കാക്കനാട് | 100 |
| 20.12.14 | ഹാഫ് പേ ലീവ് | കാക്കനാട് | 100 |
| 26.12.14 | ഹാഫ് പേ ലീവ് | കാക്കനാട് | 100 |
| 19.1.15 | ആകസ്മികാവധി | കാക്കനാട് | 100 |
| 28.2.15 | ആകസ്മികാവധി | തിരുവനന്തപുരം | 200 |
| ആകെ | | | 700 |

നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3. ദിവസവേതന ഡ്രൈവർക്ക് ഒരു യാത്രക്ക് രണ്ട് പ്രാവശ്യം ശമ്പളം നൽകി.

ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.പി.ജി.മോഹനൻ 17.9.15, 22.9.15, 7.10.15 എന്നീ ദിവസങ്ങളിൽ അവധിയിലായിരുന്നു.ആയതിനാൽ ഈ ദിവസങ്ങളിൽ ദിവസവേതന ഡ്രൈവർമാരെ വെച്ച് വണ്ടി ഓടിച്ചതിന് ശ്രീ.ബാബു.എൻ.പി യ്ക്ക് 16.10.15 ൽ ചെക്ക് നമ്പർ 780537 പ്രകാരം 1350/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതേ യാത്ര ഉൾപ്പെടുത്തിക്കൊണ്ട് ശ്രീ.വിപിൻ.കെ.മാണിക്ക് 8.12.15ൽ ചെക്ക് നമ്പർ 780837 പ്രകാരം 1350/- രൂപയുൾപ്പടെ 1800/- രൂപ നൽകിയിട്ടുണ്ട്.ഇക്കാര്യമാവശ്യപ്പട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 1350/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 ദിവസവേതന ഡ്രൈവർക്ക് അനർഹമായി ശമ്പളം

## നൽകി

ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് വാഹനത്തിന്റെ ഡ്രൈവർ ശ്രീ.പി.ജി.മോഹനൻ അവധിയിലായിരുന്ന ദിവസങ്ങളിൽ ദിവസവേതനത്തിൽ ഡ്രൈവർമാരെ വെച്ച് ഓഫീസ് വാഹനം ഓടിച്ചതിന് ശമ്പളം നൽകിയിട്ടുണ്ട്.(വൗച്ചർ നം.8-12/14/1.12.14 & 1-9/15/1.9.15) വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അവധി ദിവസങ്ങൾ | ഡ്രൈവറുടെ പേര് | നൽകിയ തുക |
|---|---|---|
| 8.11.14 | സജീവ് .വി. | 450 |
| 12.12.14 | ബിനീഷ് | 450 |
| 22.12.14 | ബിനീഷ് | 450 |
| 24.12.14 | ബിനീഷ് | 450 |
| 29.12.14 | ബിനീഷ് | 450 |
| 31.12.14 | ബിനീഷ് | 450 |
| 6.6.15 | ബാബു എൻ.പി | 450 |
| 22.9.15 | വിപിൻ. കെ. മാണി | 450 |
| 22.9.15 | ബാബു എൻ.പി | 450 |
| ആകെ | | 4050 |

മേൽ പറഞ്ഞ ദിവസങ്ങളിൽ ശ്രീ.പി.ജി.മോഹനൻ ഓഫീസിൽ ഡ്യൂട്ടിയിലായിരുന്നു . ഹാജർ പുസ്തകത്തിൽ ഈ ജീവനക്കാരൻ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരൻ അവധിയിൽ അല്ലാതിരുന്നിട്ടും ഇയാൾക്ക് പകരമായി ദിവസ വേതനത്തിൽ ഡ്രൈവർക്ക് ശമ്പളം നൽകിയത് ക്രമരഹിതമാണ്. ഇക്കാര്യത്തിലുള്ള വിശദാംശങ്ങളാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ ഈ നഷ്ട തുക 4050/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-3 ഒരു ചെലവിന് രണ്ട് ബിൽ ഹാജരാക്കി - നഷ്ടം - 1100/-രൂപ

2/2015 ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയ വികസന സെമിനാറിൽ പങ്കെടുത്തവർക്ക് നൽകുന്നതിനായി 100 പേനയും , 100 നോട്ട് പാഡുകളും വാങ്ങിയതിന് 16.2.15 ലെ വൗച്ചർ നമ്പർ 8 പ്രകാരം 1100/- രൂപ YEMS മുളന്തുരുത്തിക്ക് ( ബിൽ നമ്പർ 11015 തിയതി 14.2.15) നൽകിയിട്ടുണ്ട്. വീണ്ടും ഇതേ ചെലവിന് 5.5.15 ൽ വൗച്ചർ നമ്പർ 12/15-16 പ്രകാരം 1100/- രൂപ YEMS മുളന്തുരുത്തിക്ക് ( ബിൽ നമ്പർ 11313 തിയതി 16.2.15) നൽകിയിട്ടുണ്ട്. ഇതു മൂലം 1100/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. വിശദീകരണമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ ഈ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-4 കീച്ചേരി ഗവ.കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ക്വാർട്ടേഴ്സ് - കെട്ടിട നികുതി അടവാക്കൽ - അപാകതകൾ

കീച്ചേരി ഗവ.കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ക്വാർട്ടേഴ്സുകളുടെ കെട്ടിട നികുതി 13-8/2014 വൗച്ചർ നമ്പർ പ്രകാരം 23.8.14 ൽ 2038/- രൂപ ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ(ആർ.ടി) 3025/2007 ത.സ്വ.ഭ.വ തീയതി 7.11.2007 ലെ ഉത്തരവ് പ്രകാരം പഞ്ചായത്ത് / നഗരസഭാ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന എല്ലാ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവിറക്കിയിട്ടുള്ളതാണ്. ഈ ഉത്തരവ് നിലനിൽക്കേ കെട്ടിട നികുതി നൽകിയ നടപടി ഉചിതമായില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 2038/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ജീവനക്കാരനിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-5 വിവിധ കാരണങ്ങളാൽ ചെലവ്യ തുകകൾ തടസ്സപ്പെടുത്തുന്നു

2014-15 വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം/പേര് | ചെലവ് തുക | ബിൽ നം. / ചെക്ക്നം / ഡി.ഡി.നം. |
|---|---|---|---|
| 1. | പട്ടികവർഗമേഖലയിലെ വിദ്യാർഥികളുടെ ഹോസ്റ്റൽ നിർമ്മാണം (എസ്0130/15) | 547000/- രൂപ (ജില്ലാ പഞ്ചായ ത്തിലേക്ക് കൈമാറി) | ബിൽനം.15/14-15 /30.3.2015) |
| 2 | ഉദയംചിറ- മാണിയാമ്പുറം റോഡ് (എസ്.0081/15) | 200000/- രൂപ (ജില്ല പഞ്ചായത്തി ലേക്ക് കൈമാറി) | ബിൽനം.2/14-15 /28.8.2014 |
| 3 | മൾട്ടി സ്പെഷ്യാലിറ്റി വെറ്റിനറി ഹോസ്പിറ്റൽ (എസ്.0085/15) | 3,00,000/- (ജില്ലാ പഞ്ചായത്തിലേക്ക് കൈമാറി) | ബിൽനം.28/14-15 /18.3.2015 |
| 4 | പകൽവീട് നിർമ്മാണം (എസ്.0046/15) | 5,00,000/-(എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന് കൈമാറി) | ബിൽനം.16/14-15 /30.3.2015 |
| | ആകെ | 1547000 | |

2015-16 വർഷം നടപ്പിലാക്കിയ ചില പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു

| ക്രമ നം | പ്രോജക്ടിന്റെ പേര്/ നം | ചെലവ് തുക | ബിൽ നം | അപാകതകൾ |
|---|---|---|---|---|
| 1. | ബ്ലോക്ക്പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(എസ്0010/16) | 500000/- രൂപ (എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി കൊച്ചി | ബിൽ നം. 28/15-16 /28.3.2016 | പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരവും വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല |
| 2 | വേഴപ്പറമ്പ് കുടിവെള്ള പദ്ധതി (എസ്.0016/16) | 150000/- രൂപ (കേരള വാട്ടർ അതോറിട്ടി, | ബിൽ നം. 13/15-16 /21.10.2015 | |

| | | | | |
|---|---|---|---|---|
| | | പി.എച്ച്.ഡിവിഷൻ, മൂവാറ്റുപുഴക്ക് കൈമാറി) | | |
| | ആകെ | 650000 | | |

മേൽ സൂചിപ്പിച്ച വസ്തുതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി ലഭ്യമാക്കാതിരുന്നതിനാൽ 2014-15 വർഷം ചെലവഴിച്ച 15,47,000/- രൂപയും 2015-16 വർഷം ചെലവഴിച്ച 6,50,000/- രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 മുളന്തുരുത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഫിസിയോ തെറാപ്പി യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഫിസിയോ തെറാപ്പി യൂണിറ്റിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്ട് നമ്പർ | 46/2015-16 |
| ചെലവ് തുക | 500000 |
| ചെലവ് വിവരം | ബിൽ നമ്പർ - 2/2015-16 തീയതി 21.3.16 |

മെഡിക്കൽ ആഫീസർ നിർവ്വഹണ ഉദ്യാഗസ്ഥനായ ഈ പ്രോജക്ടിൽ മുളന്തുരുത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഫിസിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഭാരത് മെഡിക്കൽ സിസ്റ്റത്തിൽ നിന്നു 370125 /- രൂപയുടെ ഫിസിയോ തെറാപ്പി യൂണിറ്റിലേക്ക് ആവശ്യമായ കമ്പ്യൂട്ടറൈസ്ഡ് ഉപകരണങ്ങളും കേരള സർജിക്കൽ എക്യുപ്മെൻസിൽ നിന്നും 129875/-രൂപയുടെ അനുബന്ധ ഉപകരണങ്ങളും വാങ്ങി. ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ ഫിസിയോ തെറാപ്പി യൂണിറ്റ് പ്രവർത്തനസജ്ജമായിരുന്നില്ല. കമ്പ്യൂട്ടറൈസ്ഡ് ഉപകരണങ്ങൾ ആശുപത്രിയിലെ മരുന്നുകൾ സൂക്ഷിക്കുന്ന സ്റ്റോർ മുറിയിലും, മറ്റ് അനുബന്ധ ഉപകരണങ്ങൾ ഉപയോഗശൂന്യമായ മുറിയിലും സൂക്ഷിച്ചിരിക്കുകയായിരുന്നു. ഫിസിയോ തെറാപ്പി സെന്റർ നടത്തുവാൻ ഉദ്ദേശിക്കുന്ന മുറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നുമില്ല. ഇനിയും ഫിസിയോ തെറാപ്പി സെന്റർ തുടങ്ങുവാൻ വൈകുകയാണെങ്കിൽ വളരെയധികം തുക ചെലവഴിച്ച് വാങ്ങിച്ചിരിക്കുന്ന ഉപകരണങ്ങൾ നശിക്കുകയും സർക്കാരിന്റെ പണം നഷ്ടപ്പെടുകയും ചെയ്യും. ആയതിനാൽ ഈ പദ്ധതി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-7 പട്ടിക ജാതി വികസന ഓഫീസർ - നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധന സഹായം (S080/15) |
| ഫയൽ നമ്പർ | SCDO/MLTY/155/2015-16 |
| ചെലവ് തുക | 250000/- |
| ചെലവ് വിവരം | ബിൽ നമ്പർ - 1/15-16 തീയതി 19.3.16 |

താഴെ പറയുന്ന ഗുണഭോക്താവിന് പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം എന്ന പ്രോജക്ടിലുൾപ്പെടുത്തി 25000/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

ഗുണഭോക്താവിന്റെ പേര് : മൂല്യാമോൾ ബാബു, നടുപ്പറമ്പിൽ,കുലയിറ്റിക്കര

അപാകതകൾ

1. സർക്കാർ ഉത്തരവ് നമ്പർ 362/2013 തീയതി 16.11.13, 4/2016 തീയതി 16.1.16 എന്നിവ പ്രകാരം

മേൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ നിർദ്ധനരായ പട്ടികജാതി വിദ്യാർത്ഥികൾക്കാണ് മുൻഗണന നൽകേണ്ടത്. എന്നാൽ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകളിലെ നിർദ്ധനരായ ഗുണഭോക്താക്കളെ ഒഴിവാക്കിക്കൊണ്ടാണ് 3,88,860/- രൂപ വാർഷിക വരുമാനമുള്ള മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം നൽകിയത്.

2. മേൽ പറഞ്ഞ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖകൾ പ്രകാരം സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയുള്ളവർ, പെൻഷനർമാർ അവരുടെ ആശ്രിതർ എന്നിവരെ 50000/- രൂപയിൽ താഴെ വരുമാനമുള്ളവരായോ, ബി.പി.എൽ ആയോ കണക്കാക്കുവാൻ സാധിക്കുകയില്ല.

3. കുമാരി.മൂല്യാമോൾ ബാബു, എന്ന ഗുണഭോക്താവിന്റെ പിതാവ് ശ്രീ.ബാബു പൊതുമേഖലാ സ്ഥാപനത്തിലാണ് ജോലി ചെയ്യുന്നതെന്ന് അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം വരുമാന സർട്ടിഫിക്കറ്റിൽ 3,88,860/- രൂപയാണ് വാർഷിക വരുമാനമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്

4. സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയുള്ളവർക്കോ, പെൻഷണർമാർക്കോ അവരുടെ ആശ്രിതർക്കോ സർക്കാരിൽ നിന്ന് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നത് ഉചിതമല്ല.

ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഐ.എ.വൈ.ഭവന നിർമ്മാണം - രണ്ടു ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഐ.എ.വൈ. ഭവനനിർമ്മാണം (എസ്.സി.) എസ്.002/15 എന്ന പ്രോജക്ടിന്റെ ഗുണഭോക്താവായ ശ്രീമതി. അമ്മിണി തേവൻ, ഐ.എ.വൈ ഭവനനിർമ്മാണം (ജനറൽ) (എസ്.001/15 )എന്ന പ്രോജക്ടിന്റെ ഗുണഭോക്താവായ ശ്രീമതി. വൽസ മൂലേപ്പറമ്പിൽ എന്നിവർ ആദ്യഗഡുവായി 17500/-രൂപ (ഡി.ഡി.നം. യഥാക്രമം 51128/30.3.15, 51177/5.3.15) കൈപ്പറ്റിയ ശേഷം തുടർ നിർമ്മാണം നടത്തിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ തുടർ നിർമ്മാണം നടത്താതിരിക്കുന്ന പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഡയറി എക്സ്റ്റൻഷൻ ഓഫീസർ- നടപ്പിലാക്കിയ പ്രോജക്ടിലെ അപാകതകൾ

കാലിത്തീറ്റ സബ്സിഡി എന്ന പ്രോജക്ട് (S0018/16) സംഘങ്ങളിൽ 2015-16 വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേക്ക് 5,00,000/-(ബിൽ നം.1/2015-16/21.3.16) ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലുള്ള ക്ഷീരകർഷക സഹകരണ സംഘങ്ങളിലേക്കാണ് തുക കൈമാറിയിരിക്കുന്നത്. പ്രസ്തുത സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. പ്രോജക്ട് നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകളുണ്ട്.

1.ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നുൾപ്പെടെ ഗുണഭോക്താക്കൾക്ക് ആകെ കിട്ടിയ സബ്സിഡി 14,000/- രൂപയിൽ കൂടുതലുണ്ടോ എന്നും ഉറപ്പുവരുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.10) മറുപടി ലഭ്യമാക്കാതിരുന്നതിനാൽ ചെലവു തുകയായ 5,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഗുണഭോക്തൃസമിതി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗുണഭോക്തൃസമിതി കൺവീനർ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1. ഗുണഭോക്തൃസമിതികൾ യോഗം ചേർന്ന് മിനുട്ട്സ് രേഖപ്പെടുത്തുകയോ ആയത് പ്രവൃത്തി പൂർത്തീകരണത്തെ തുടർന്ന് പഞ്ചായത്തിന് കൈമാറുകയോ ചെയ്യുന്നില്ല. ലഭ്യമായ മിനുട്ട്സ് ബുക്കുകളിൽ ആദ്യ യോഗത്തിന്റെ മിനുട്ട്സ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. സ.ഉ.(സാധാ) 36/98/ത.ഭ.വ/ 13.2.1998, സ.ഉ.(സാധാ) 218 / 98/ത.ഭ.വ/ 23.10.1998 എന്നിവ പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർ ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. ഇത് ഉറപ്പാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിട്ടുള്ളത്.

3. പ്രവൃത്തി സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടില്ല. കരാർ വ്യവസ്ഥ പ്രകാരം പണി പൂർത്തീകരിച്ചാൽ ഉടനെ വരവ് ചെലവ് കണക്ക്, ഉപയോഗിച്ച സാധനങ്ങളുടെ കണക്ക്, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. പല പ്രവൃത്തികളിലും ഇപ്രകാരം എല്ലാ രേഖകളും ഹാജരാക്കിയിട്ടില്ല.

4. പണമിടപാട് നടത്തുന്നതിനായി കൺവീനറുടെയും ചെയർമാന്റെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും ഫൈനൽ ബിൽ ലഭിച്ചശേഷം ഈ അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതുമാണ്. പല സമിതികളും ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

5. ചുമതലപ്പെടുത്തിയ എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളുടെയും കരാർ നിരക്കുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ബിൽ തുകയോ യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് ആ തുകയായിരിക്കും പഞ്ചായത്ത് കൺവീനർക്ക് നൽകുക. എന്നാൽ ഗുണഭോക്തൃസമിതികൾ വരവ് ചെവല് കണക്കുകൾ രേഖപ്പെടുത്തി അംഗീകരിക്കാത്തതിനാൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ഈ വ്യവസ്ഥ ഉറപ്പാക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർക്ക് പണം എങ്ങനെ നൽകി എന്ന് വ്യക്തമല്ല.

   ഉദാ : 1).S0053/14ആശാരി പുരം പട്ടികജാതി കോളനി റോഡ് കുടിവെള്ള പദ്ധതി.
   2) S0097/15 മറ്റത്തൻ കടവ് പട്ടിക ജാതി കോളനി സമഗ്ര വികസനം .

അപാകതകൾ പരിഹരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ഫില്ലിംഗിനുപയോഗിച്ച മണ്ണിന്റെ അളവിൽ കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല.

മറ്റത്തൻ കടവ് പട്ടിക ജാതി കോളനി സമഗ്ര വികസനം എന്ന പ്രൊജക്ടിൽ (S0097/15) ഇനം1 പ്രകാരം 16.66m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. അളവു പുസ്തകത്തിൽ ഈ മണ്ണ് ഫില്ലിംഗിനുപയോഗിച്ചതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇനം 4 പ്രകാരം എർത്ത് ഫില്ലിംഗ് നടത്തിയതിന് 41674.18 രൂപ (160.78m3 x 2592/10m3) നൽകിയിട്ടുണ്ട്. ഇനം1 പ്രകാരം ലഭിച്ച 16.66m3 മണ്ണിന്റെ അളവ് ഇനം 4 ൽ കുറവ് വരുത്താതെയാണ് ആകെ അളവ് കണക്കാക്കിയിരിക്കുന്നത്. ഇപ്രകാരം കൺവീനർക്ക് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അളവു പുസ്തകം | 1/AEE/13-14 |
| കൺവീനറുടെ പേര് | ശ്രീ മുരളി വി.കെ. |

| | |
|---|---|
| ചെലവ് വിവരം (ഒന്നാം ഭാഗ ബിൽ) | 5/13-14/6.11.13 = 103300<br>060148/ 6.5.14 = 25897 |
| ഇനം 4 പ്രകാരം എർത്ത് ഫില്ലിംഗ് നടത്തിയത് | 160.78m3x2592/10m3=41674.18 |
| ഇനം1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് = 16.66m3-1.67(10% of 16.66) i.e.= 15m3 | 15m3 |
| ഇനം 4 പ്രകാരം എർത്ത് ഫില്ലിംഗ് നടത്തിയത് നൽകാവുന്ന തുക(160.78m3 - 15m3) | 145.78 x 2592/10m3 = 37786.18 |
| അധികം നൽകിയ തുക | 3888/-(41674.18-37786.18) |

ഈ പ്രൊജക്ടിന്റെ ഒന്നാം ഭാഗ ബിൽ നൽകിയപ്പോൾ കരാറുകാരന്റെ ലാഭം ഉൾപ്പെട്ട തുകയാണ് നൽകിയത്. ഇത് പിന്നീട് ക്രമീകരിച്ചാണ് തുക അനുവദിച്ചത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11-ന് നൽകിയ മറുപടിയിൽ, ലഭിച്ച മണ്ണ് ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും അളവു പുസ്തകത്തിലെ അളവിൽ കുറവു ചെയ്യാത്തതിനാലും ഇതിന് നൽകിയ മറുപടി അംഗീകരിക്കുന്നില്ല. ഈയിനത്തിൽ നഷ്ടമായ 3,888/- രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-12 <u>കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ യഥാസമയം അംഗീകരിച്ചില്ല.</u>

ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിലെ അമ്പലം പടി റോഡ് സൈഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമയബന്ധിതമായി പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കാത്തതിനാൽ കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | S0056/14, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്തുകളിലെ റോഡുകളുടെ അറ്റകുറ്റ പണി- ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിലെ അമ്പലം പടി റോഡ് സൈഡ് കോൺക്രീറ്റിംഗ് |
| കരാറുകാരന്റെ പേര് | ശ്രീ ലിജോ പോൾ (17.2% below estimate rate)<br>ആകെ പ്രവൃത്തി മൂല്യം – 1,44,874/- |
| അളവു പുസ്തകം | 63/AEE/13-14 |
| ചെലവ് | ബിൽ നമ്പർ 23/23.4.2014 = 114370/- |

മേൽ നമ്പർ പ്രൊജക്ട് 1/2013-14/ 13.8.2013 നോട്ടീസ് പ്രകാരം ടെണ്ടർ ചെയ്തിട്ടുണ്ട്. നാലു ടെണ്ടർ ലഭിച്ചതിൽ ശ്രീ പോൾസൺ പി,വി. എസ്റ്റിമേറ്റിനേക്കാൾ 25% കുറവ് നിരക്കാണ് ക്വോട്ട് ചെയ്തത്. ഈ ടെണ്ടറിനോടൊപ്പം ടെണ്ടർ ചെയ്ത പ്രവൃത്തികൾക്ക് 20.8.2013 ലെ പഞ്ചായത്ത് കമ്മറ്റിയിൽ എസ്റ്റിമേറ്റ് തുകയിൽ വളരെ കുറവായതിനാൽ പെന്റിംഗിൽ വെയ്ക്കണമെന്ന് പ്രസിഡന്റ് നിർദ്ദേശിച്ചു. അംഗീകാരം 5.9.2013 ലെ കമ്മറ്റിയിൽ ഈ പ്രവൃത്തി ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ചു. ഇപ്രകാരം പ്രവൃത്തി ചെയ്യിക്കാൻ കഴിയില്ലെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് 28.11.2013ലെ II(5) തീരുമാന പ്രകാരം പ്രവൃത്തി റീടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചു. ഇങ്ങിനെ ചെയ്യുവാൻ നിർവ്വാഹമില്ലെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 6.12.2013 അറിയിക്കുകയും തുടർന്ന് 26.12.2013 ലെ 1(5) തീരുമാനപ്രകാരം ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. 9.1.2014 ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചെങ്കിലും പ്രവൃത്തി എറ്റെടുക്കാൻ തയ്യാറായില്ല. 28.1.2014 ൽ കരാർ റദ്ദാക്കുകയും , 18.2.2014 ലെ 1(3) തീരുമാന പ്രകാരം സെക്കന്റ് ലോവസ്റ്റ് ക്വോട്ട് ചെയ്ത ശ്രീ ലിജോ പോളിന് (17.2 % below estimate rate) 21.2.2014 ൽ അനുവദിച്ചു നൽകുകയും ചെയ്തു . എന്നാൽ കരാർ ഉടമ്പടി വെച്ച് 16.9 % (below estimate rate)

പ്രവൃത്തി നടത്തിയിട്ടുള്ളത് മൂന്നാമത്തെ കരാറുകാരനായ ശ്രീ.ഒ.എം.എൽദോ യാണ്. ടിയാനെ പ്രവൃത്തി ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിലില്ല. നടപടി ക്രമങ്ങളിലെ അപാകതകൾ താഴെ കൊടുക്കുന്നു:-

1) ടെണ്ടറിന്മേൽ ഉചിതമായ തീരുമാനം സമയബന്ധിതമായി എടുത്തില്ല. ടെണ്ടർ തുറന്ന് 10 ദിവസത്തിനകം ഭരണാനുമതി നൽകിയ അധികാരപ്പെട്ട സ്ഥാനത്തുള്ളവർ ടെണ്ടറിനെ സംബന്ധിച്ച് തീരുമാനമെടുക്കണമെന്ന വ്യവസ്ഥ (R.10-11) പഞ്ചായത്ത് കമ്മറ്റി പാലിച്ചിട്ടില്ല. 25% കുറവ് ക്വോട്ട് ചെയ്തതിനാൽ പദ്ധതി ഭംഗിയായി പൂർത്തികരിക്കില്ല എന്ന വിശ്വാസത്തിലാണ് കമ്മറ്റി ടെണ്ടർ പെന്റിംഗിൽ വെച്ചത്. എന്നാൽ 25% മുതൽ 50% വരെ കുറവ് ക്വോട്ട് ചെയ്യുന്ന സംഗതികളിൽ കുറവ് തുകയ്ക്കുള്ള പെർഫോർമൻസ് ഗ്യാരണ്ടി വെച്ച് പ്രവൃത്തി നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) ടെണ്ടർ സമർപ്പിച്ച് നാലുമാസത്തിനു ശേഷമാണ് ടെണ്ടറിന് അംഗീകാരം നൽകുന്നത്. ടെണ്ടറിനോടൊപ്പം കാലാവധി കാണിക്കാത്ത അവസരത്തിൽ ടെണ്ടറിന്റെ ഫേം പിരീഡ് ടെണ്ടർ സമർപ്പിച്ച തിയതി മുതൽ മൂന്നുമാസം വരെയാണ്. ഇവിടെ ഫേം പിരീഡ് കഴിഞ്ഞതിനു ശേഷമാണ് അംഗീകാരം നൽകിയത്. ഇവിടെ കരാറുകാരന് പ്രവൃത്തി ഏറ്റെടുക്കേണ്ട ഉത്തരവാദിത്തമില്ല. എസ്റ്റിമേറ്റിനേക്കാൾ 25% കുറവ് നിരക്കിൽ നടത്തേണ്ട പ്രവൃത്തി തീരുമാനമെടുക്കുന്നതിൽ വന്ന കാലതാമസം മൂലം 16.2 %കുറവ് നിരക്കിൽ ചെയ്യേണ്ടതായി വന്നു. ഇപ്രകാരം 11735/- രൂപയുടെ (25% - 16.9 %)അധിക ചെലവ് വന്നിട്ടുണ്ട്.

3) കുറഞ്ഞനിരക്കിൽ ക്വോട്ട് ചെയ്ത കരാറുകാരൻ പ്രവൃത്തി ഏറ്റടുത്തി ല്ലെങ്കിൽ , ടിയാളുടെ നഷ്ടോത്തരവാദിത്തത്തിൽ തൊട്ടടുത്ത കുറവ് നിരക്ക് ക്വോട്ട് ചെയ്ത രണ്ടു കരാറുകാരുമായി നെഗോസിയേഷൻ നടത്തു കയും, കുറഞ്ഞനിരക്കിൽ ക്വോട്ട് ചെയ്ത കരാറുകാരൻ സമർപ്പിച്ച നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാണോയെന്നന്വേഷിക്കുകയും , സമ്മതമെങ്കിൽ പ്രവൃത്തി നൽകുകയും അല്ലാത്ത പക്ഷം റീ ടെണ്ടർ നടത്തുകയുമാണ് ചെയ്യേണ്ടത് (PWD manual para 15-9-7-). ഈ പ്രവൃത്തിയിൽ തേർഡ് ലോവസ്റ്റ് നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നൽകുകയാണ് ചെയ്തത്. നിയമ പ്രകാരമുള്ള നടപടി ക്രമം ഇവിടെ പാലിച്ചിട്ടില്ല.

4) സെക്കന്റ് ലോവസ്റ്റ് നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും , മൂന്നാമത്തെ കുറവ് നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തതിന്റെ കാരണവും വ്യക്തമല്ല.

യഥാസമയം ടെണ്ടർ അംഗീകരിക്കാത്തതിനാൽ വന്ന നഷ്ടം 11,735/- (25% of 144874 – 16.9% of 144874 = 36219 – 24484) തീരുമാനമെടുക്കാൻ കാലതാമസം വന്ന പഞ്ചായത്ത് കമ്മറ്റിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-13 ആദായ നികുതി ഈടാക്കിയതിൽ കുറവ്

ആദായ നികുതി നിയമത്തിലെ 194 (സി) വകുപ്പ് പ്രകാരം കരാർ പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും ഒരു ശതമാനവും സ്ഥാപനങ്ങളിൽ നിന്നും രണ്ടു ശതമാനവും നിരക്കിൽ ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. നിർണാനമന പട്ടികജാതി കോളനിയിൽ കാനയും സ്ലാബും നിർമ്മാണം എന്ന പ്രൊജക്ട് (S0046/16) ജാസ് കൺസ്ട്രക്ഷനാണ് ഇ ടെണ്ടർ മുഖേന അനുവദിച്ചിട്ടുള്ളത്. ബിൽ തുക അനുവദിച്ചപ്പോൾ രണ്ടു ശതമാനം ആദായ നികുതി ഈടാക്കേണ്ടതിനു പകരം വ്യക്തികൾക്ക് ബാധകമായ ഒരു ശതമാനമാണ് പിടിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| അളവു പുസ്തകം | 28/AEE/15-16 |
| ചെലവ് | 40/21.3.2016=120222 |
| ആകെ പ്രവൃത്തി മൂല്യം | 496300 |
| ഈടാക്കിയ ആദായ നികുതി -ടിഡിഎസ് 1% | 4963 |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന ആദായ നികുതി2% | 9926 |
| ഈടാക്കിയതിൽ കുറവ് | 4963 (9926 - 4963) |

കരാറുകാരന്റെ സാങ്കേതികമായ അറിവില്ലായ്മ കാരണമാണെന്നും സ്ഥാപനത്തിന്റെ പേര് ടെണ്ടറിൽ വെച്ചതെന്ന തുക ഈടാക്കാമെന്നും അറിയിച്ചിട്ടുണ്ട്. നികുതിയിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2014-15

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2014-15 | 1600000 | നബാർഡ് RIDF | 518754 | 1081246 |
| ഗ്രാമപഞ്ചായത്ത് | 2014-15 | 5561325 | നബാർഡ് RIDF | 4260000 | 1301325 |
| ജില്ലപഞ്ചായത്ത് | 2014-15 | 9520000 | നബാർഡ്RIDF | 5992000 | 3528000 |
| 2015-16 | | | | | |
| ഗ്രാമപഞ്ചായത്ത് | 2015-16 | 6082978 | നബാർഡ് RIDF | 4260000 | 1822978 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 7352798 | നബാർഡ് RIDF | 6816000 | 536798 |
| ജില്ല പഞ്ചായത്ത് | 2015-16 | 1708000 | നബാർഡ് RIDF | 1708000 | 0 |

ചെലവഴിക്കാൻ ബാക്കിയുള്ള തുകകൾ ചെലവഴിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2014-15 | ഇല്ല | - | - | - | - |
| 2015-16 | | | | | |
| വാട്ടർ അതോറിറ്റി, മൂവാറ്റുപുഴ | വേഴപറമ്പ് കുടിവെള്ള പദ്ധതിയ്ക്ക് പൈപ്പ് മാറ്റി സ്ഥാപിക്കൽ | ബിൽ നം.13/15-16 / 21.10.2015 | 150000 | 0 | 150000 |
| വാട്ടർ അതോറിറ്റി PH ഡിവിഷൻ | കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ | ബിൽ നം . 28/15-16/ 28.3.2016 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| കൊച്ചി | നീട്ടൽ | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2014-15, 2015-16 വർഷങ്ങളിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 14-15 | ഐ.എ.വൈ ഭവന നിർമ്മാണം | നം.17774/ DD1/13 /ത.സ്വ.ഭ.വ. /20.3.13/ ,ജില്ലാ സഹകരണ ബാങ്കിന്റെ 014/48313/ LN/794 /643/26.4.13 | 3300000 | 2970000 | 330000 | - | 2640000 |
| 15-16 | ഐ.എ.വൈ ഭവന നിർമ്മാണം | -do- | 3300000 | 2640000 | 0 | 0 | 2640000 |

വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

2014-15, 2015-16 വർഷങ്ങളിൽ വാർഷിക കണക്കുകൾ പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

2014-15, 2015-16 വർഷങ്ങളിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | - | 2010-11 | 5.3.7(1) | സ്വന്തമല്ലാത്ത സ്ഥലത്ത് കമ്യൂണിറ്റി ഹാൾ നിർമ്മാണം – പദ്ധതിപ്പണം പാഴായി | W(PC)31034/14 നമ്പറായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91486665 | 78160851 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93821136 | 86140354 |
| വരവിനങ്ങളിലുള്ള നഷ്ടം | --- | 118278 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17573 | 14148 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2047000 | 675000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | 2014-15 | | 2015-16 | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(2) | - | - | 118278 | - | 3315/-ശ്രീ.സെയ്തു മുഹമ്മദ്,സെക്രട്ടറി 13261/-ശ്രീ.എ.ജെ. ജോസഫ്,സെക്രട്ടറി 59730/-ശ്രീ.കെ. ആർ.പ്രസന്നകുമാർ, സെക്രട്ടറി 17326/-ശ്രീമതി. സോണിയ സെക്രട്ടറി 24646/-ശ്രീ. ഏണസ്റ്റ് സി.തോമസ്, സെക്രട്ടറി |
| 3-1(1) | - | - | - | 6860 | ശ്രീ.ജോസഫ് എ.ജെ സെക്രട്ടറി |
| 3-1(2) | - | - | - | 700 | ശ്രീ.സെയ്തു മുഹമ്മദ്,സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| 3-1(3) | - | - | - | 1350 | ശ്രീ.കെ.ആർ. പ്രസന്നകുമാർ, സെക്രട്ടറി |
| 3-2 | - | 2700 | - | 1350 | 2700/-ശ്രീ.സെയ്തു മുഹമ്മദ്,സെക്രട്ടറി<br>1350/-ശ്രീ.എ.ജെ. ജോസഫ്,സെക്രട്ടറി |
| 3-3 | - | 1100 | - | - | ശ്രീ.സെയ്തു മുഹമ്മദ്, സെക്രട്ടറി |
| 3-4 | - | 2038 | - | | ശ്രീ.സെയ്തു മുഹമ്മദ്, സെക്രട്ടറി |
| 3-11 | - | - | - | 3888 | ശ്രീ.കെ.ടി.സാജൻ, അസി.എക്സി. എഞ്ചിനീയർ |
| 3-12 | - | 11735 | - | - | 1.ശ്രീ അഡ്വ.റീസ് പുത്തൻ വീട്ടിൽ , പ്രസിഡന്റ്<br>2.ശ്രീ.ടി.സി.ഷിബു, മെമ്പർ<br>3.ശ്രീമതി ജലജ മണിയപ്പൻ, മെമ്പർ<br>4.ശ്രീമതി തുളസി സത്യൻ, മെമ്പർ<br>5.ശ്രീമതി മൈഥിലി പുഷ്പൻ, മെമ്പർ<br>6.ശ്രീ.ടി.എൻ. വിജയകുമാർ,മെമ്പർ<br>7.ശ്രീമതി.സോമിനി സണ്ണി, മെമ്പർ<br>8.ശ്രീ.റെഞ്ചി കുര്യൻ കൊള്ളിനാൽ, മെമ്പർ<br>9.ശ്രീമതി സുധ രാജേന്ദ്രൻ നായർ , മെമ്പർ<br>10.ശ്രീമതി സന്ധ്യ രത്നാകരൻ, മെമ്പർ<br>11.ശ്രീമതി ഓമന ശശി, മെമ്പർ |
| ആകെ | - | 17573 | 118278 | 14148 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | 2014-15 | 2015-16 | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | തുക | തുക | |
| 3-5 | 1547000 | - | ശ്രീ.സെയ്തു മുഹമ്മദ് ,സെക്രട്ടറി |

| | | | |
|---|---|---|---|
| 3-5 | - | 650000 | 500000/- ശ്രീ. ഏണസ്റ്റ് സി. തോമസ്,സെക്രട്ടറി<br>150000/-ശ്രീ. കെ.ആർ. പ്രസന്നകുമാർ, സെക്രട്ടറി |
| 3-7 | | 25000 | ശ്രീമതി.ബിന്ദു വി., പട്ടികജാതി വികസന ഓഫീസർ |
| 3-9 | 500000 | - | ശ്രീമതി സൂസൻ എലിസബത്ത് തോമസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| | 2047000 | 675000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | | |
|---|---|---|---|
| 3-13 | 4963 | 2014-15 | ശ്രീ,കെ.ടി.സാജൻ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സെയ്തു മുഹമ്മദ് , സെക്രട്ടറി | വിവരം ലഭ്യമാക്കിയില്ല | സ്റ്റെല്ല ഹോംസ് , ചർച്ച് റോഡ് , തൈക്കൂടം, വൈറ്റില പി.ഒ. എറണാകുളം |
| ശ്രീ ജോസഫ് എ.ജെ. സെക്രട്ടറി | വിവരം ലഭ്യമാക്കിയില്ല | ആത്തപ്പിള്ളിൽ, കുലയറ്റിക്കര പി.ഒ. , എറണാകുളം |
| ശ്രീ കെ.ആർ. പ്രസന്നകുമാർ , സെക്രട്ടറി | വിവരം ലഭ്യമാക്കിയില്ല | കുഴിപ്പിള്ളിൽ, വടയമ്പാടി പി.ഒ.,പുത്തൻകുരിശ്, എറണാകുളം |
| ശ്രീമതി സോണിയ സെക്രട്ടറി | വിവരം ലഭ്യമാക്കിയില്ല | കെ.ആർ.,ഒടശ്ശേരി, നോർത്ത് പറവൂർ പി.ഒ.എറണാകുളം |
| ശ്രീ ഏണസ്റ്റ് സി. തോമസ് ,സെക്രട്ടറി | വിവരം ലഭ്യമാക്കിയില്ല | ചിറപറമ്പിൽ ,ചെറുവണ്ണൂർ പി.ഒ., തൃശ്ശൂർ |
| ശ്രീകെ.ടി.സാജൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | കാവ്യം , LBS ക്രോസ് റോഡ്, കൊച്ചി - 682 041 |
| ശ്രീമതി ബിന്ദു വി., പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി ബിന്ദു വി., പട്ടിക ജാതി വികസന | തൊണ്ടിയിൽ, മണ്ടിയപ്പിള്ളി പി.ഒ, തിരുവല്ല. |

| | | |
|---|---|---|
| | ഓഫീസർ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | |
| ശ്രീമതി സൂസൻ എലിസബത്ത് തോമസ്, ഡയറി ഡവലെപ്മെന്റ് ഓഫീസർ | ഡയറി വലപ്പ്മെന്റ് ഓഫീസർ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | ചെറുപറമ്പിൽ ,near CMS സ്കൂൾ, ചാലക്കുന്ന് പി.ഒ.,കോട്ടയം |
| ശ്രീ അഡ്വ.റീസ് പുത്തൻ വീട്ടിൽ, പ്രസിഡന്റ് | ലഭ്യമാക്കിയില്ല | പുത്തൻ വീട്ടിൽ, ചോറ്റാനിക്കര |
| ശ്രീ ടി.സി. ഷിബു, മെമ്പർ | ലഭ്യമാക്കിയില്ല | ചന്ദ്രവിഹാർ, പൂത്തോട്ട |
| ശ്രീമതി ജലജ മണിയപ്പൻ, മെമ്പർ | ലഭ്യമാക്കിയില്ല | കിഴക്കേ പ്പറമ്പിൽ കാഞ്ഞിരമറ്റം. |
| ശ്രീമതി തുളസി സത്യൻ, മെമ്പർ | ലഭ്യമാക്കിയില്ല | കാലായിൽ പറമ്പിൽ , കുലയറ്റിക്കര |
| ശ്രീമതി മൈഥിലി പുഷ്പൻ ,മെമ്പർ | ലഭ്യമാക്കിയില്ല | ഈച്ചരൻ പറമ്പ്, തെക്കൻ പറവൂർ |
| ശ്രീ ടി.എൻ.വിജയകുമാർ, മെമ്പർ | ലഭ്യമാക്കിയില്ല | വിജയ നിവാസ്, വെളിയനാട്. |
| ശ്രീമതി സോമിനി സണ്ണി,മെമ്പർ | ലഭ്യമാക്കിയില്ല | അറക്കത്താഴത്ത്, ഉദയം പേരൂർ |
| ശ്രീ റെഞ്ചി കുര്യൻ കൊള്ളിനാൽ, മെമ്പർ | ലഭ്യമാക്കിയില്ല | കൊള്ളിനാൽ , പുത്തൻപുരയിൽ മുളന്തുരുത്തി |
| ശ്രീമതി സുധ രാജേന്ദ്രൻ നായർ, മെമ്പർ | ലഭ്യമാക്കിയില്ല | മനയിൽ വീട്, തുരുത്തിക്കര |
| ശ്രീമതി സന്ധ്യ രത്നാകരൻ, മെമ്പർ | ലഭ്യമാക്കിയില്ല | പുതുക്കളത്തിൽ , എടക്കാട്ടുവയൽ |
| ശ്രീമതി ഓമന ശശി, മെമ്പർ | ലഭ്യമാക്കിയില്ല | കൊല്ലംകുടിയിൽ,കുരിക്കാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.ഇ.(ബിപി.2).1501/12/19.7.12/ 4.9.12 | - |
| 1998-99 | | |
| 1999-2000 | | |
| 2000-01 | | - |
| 2001-02 | | - |
| 2002-03 | | - |
| 2003-04 | | - |

| | | |
|---|---|---|
| 2004-05 | | |
| 2005-06 | | |
| 2006-07 | | |
| 2007-08 | | - |
| 2008-09 | | - |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 288/12/ 17.5.12 | - |
| 2010-11, | എൽ.എഫ്.ഇ.(ബി.പി.2) 1991/14/ 23.1.2015 | - |
| 2011-12 | എൽ.എഫ്.ഇ.(ബി.പി.2) 1992/14/ 23.1.2015 | - |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.2) 1993/14/ 23.1.2015 | |
| 2013-14 | എൽ.എഫ്.ഇ.(ബി.പി.2) 34/15/10.2.2015 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2014-15

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി)1578/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 01.10.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX – I

## AUDIT CERTIFICATE – 2014-15

No.KSA-EKM(BP)1578/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 01.10.2016

Certified that I have audited the Annual Financial Statement of Mulanthuruthy Block Panchayat in Ernakulam District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Mulanthuruthy Block Panchayat for the year 2014-15 except the observations in my audit report prorperly presents the picture of income and expenditure.

Joint Director

## അനുബന്ധം 2

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി)1578/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 01.10.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX – II

# AUDIT CERTIFICATE – 2015-16

No.KSA-EKM(BP)1578/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 01.10.2016

Certified that I have audited the Annual Financial Statement of Mulanthuruthy Block Panchayat in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Mulanthuruthy Block Panchayat for the year 2015-16 except the observations in my audit report prorperly presents the picture of income and expenditure.

Joint Director